# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 208** 12.06.2018-ൽ മറുപടിക്ക്

### ഹൈഡൽ ടൂറിസം പദ്ധതി

| ചോദ്യം<br>ശ്രീ. പി.സി. ജോർജ് | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് നടപ്പിലാക്കുവാൻ പോകുന്ന ഹൈഡൽ ടൂറിസം പദ്ധതികൾ എന്തൊക്കെയാണ്; ഏതൊക്കെ സ്ഥലങ്ങളിലാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ കീഴിലുള്ള എല്ലാ ഡാമുകളും കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രധാനമായും ഇടുക്കി മാട്ടുപ്പെട്ടി. പൊൻമുടി, കക്കയം, ബാണാസുരസാഗർ, പൊരിങ്ങൽകുത്ത്, ലോവർമീൻമുട്ടി എന്നിവിടങ്ങളിൽ ഹൈഡൽ ടൂറിസം പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതികൾക്ക് സംസ്ഥാന ഗവൺമെന്റ് നിക്ഷേപിക്കുന്നത് എത്ര തുകയാണ്; കേന്ദ്ര ഗവൺമെന്റ് നിക്ഷേപിക്കുന്നത് എത്ര തുകയാണ്; | (ബി) | പ്രസ്തുത പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും നിലവിൽ യാതൊരു ഫണ്ടും ലഭിച്ചിട്ടില്ല. ഹൈഡൽ ടൂറിസത്തിന്റെ തനതു ഫണ്ടിൽ നിന്നാണ് ഇതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. |
| (സി) ഈ പദ്ധതികൾ നടപ്പിലാക്കുവാൻ ഏതൊക്കെ സ്വകാര്യ/പൊതുമേഖലാ സ്ഥാപനങ്ങളുമായി സർക്കാർ കരാർ ഒപ്പുവെച്ചിട്ടുണ്ട്; വിശദമാക്കുമോ; | (സി) | ഈ പദ്ധതികളുമായി ബന്ധപ്പെട്ട് ഇതുവരെ സ്വകാര്യ / പൊതുമേഖല സ്ഥാപനങ്ങളുമായി സർക്കാർ യാതൊരുവിധ കരാറുകളും ഒപ്പ് വച്ചിട്ടില്ല. |
| (ഡി) ഹൈഡൽ ടൂറിസം പദ്ധതി സംബന്ധിച്ച് പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ? | (ഡി) | കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ എല്ലാ ജലവൈദ്യുത പദ്ധതികളുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്. ഇതിനു വിധേയമായിട്ടാണ് പരിസ്ഥിതിക്ക് യാതൊരുവിധ കോട്ടവും തട്ടാത്ത രീതിയിലുള്ള പ്രവർത്തനങ്ങൾ ഹൈഡൽ ടൂറിസം നടത്തി വരുന്നത്. പരിസ്ഥിതിയെ സംരക്ഷിച്ചു കൊണ്ട് ഡാമുകളുടെ ഇരുവശങ്ങളിലും രാമച്ചം വച്ചുപിടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി സൗഹൃദ പാർക്കുകൾ, ബട്ടർഫ്ളൈ പാർക്കുകൾ, പൂന്തോട്ടങ്ങൾ തുടങ്ങിയവ വിനോദസഞ്ചാരികളെ ഏറെ ആകർഷിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ